പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4219 13.12.2018 -ൽ മറുപടിക്ക്

## ചെറുകിട മൈക്രോ സംരംഭകർക്ക് സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി |
| സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ വ്യവസായങ്ങൾ നഷ്ടപ്പെട്ട ചെറുകിട-മൈക്രോ സംരംഭകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ വ്യവസായങ്ങൾ നഷ്ടപ്പെട്ട ചെറുകിട - മൈക്രോ സംരംഭകരുടെ പുന:രുദ്ധാരണത്തിനായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട് . കൂടാതെ 2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും, വ്യക്തമായ മാർഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും, പുന:ക്രമീകരണത്തിലൂടെ അധിക തിരിച്ചടവുകാലയളവും പുനർവായ്പയും സംബന്ധിച്ച നിർദ്ദേശവും ഇതിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ